**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 506** | **23-02-2022 - ൽ മറുപടിയ്ക്ക്**

**പ്രളയ സെസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രളയ സെസ്സ് പിരിക്കുവാൻ തീരുമാനിച്ചതിന്റെ ഉദ്ദേശലക്ഷ്യം എന്തായിരുന്നു; എന്ന് മുതലാണ് സെസ്സ് പിരിച്ചു തുടങ്ങിയത്; എത്ര രൂപയാണ് ഇതിലൂടെ സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; എത്ര രൂപ പ്രളയ സെസ്സിലൂടെ സമാഹരിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2018 ഓഗസ്റ്റിൽ ഉണ്ടായ പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി ആണ് സംസ്ഥാന സർക്കാർ പ്രളയ സെസ് ഏർപ്പെടുത്തിയത്. ജി.എസ്.ടി. കൗൺസിലിന്റെ അനുമതിയോടെ 2019-ലെ കേരള ധനകാര്യ ആക്ടിലെ വകുപ്പ് 14 പ്രകാരം ആണ് പ്രളയ സെസ് ചുമത്തിയിരിക്കുന്നത്. 30-06-2017-ലെ എസ്.ആർ.ഒ. 360/2017-ൽ ഷെഡ്യൂൾ II, III, IV എന്നിവയിൽ വരുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് 1% പ്രളയ സെസ്സ് ബാധകമാണ്. എസ്.ആർ.ഒ. 360/2017-ലെ അഞ്ചാം ഷെഡ്യൂളിൽ വരുന്ന ചരക്കുകളുടെ (സ്വർണം, വെള്ളി മുതലായവ) കൈമാറ്റങ്ങൾക്ക് 0.25% പ്രളയ സെസ്സ് ബാധകമാണ്. പ്രളയ സെസ്സ് ചരക്കുകളുടെയും സേവനങ്ങളുടെയും അന്തിമ ഉപഭോക്താവിലേക്കുള്ള (B to C) കൈമാറ്റങ്ങൾക്ക് മാത്രമാണ് ചുമത്തിയിട്ടുള്ളത്. പ്രളയ സെസ് 2019 ഓഗസ്റ്റ് മുതൽ ആണ് പിരിച്ചു തുടങ്ങിയത്. 2019-20-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് (ഖണ്ഡിക 256) പ്രളയ സെസ് മുഖേന പ്രതിവർഷം 600 കോടി രൂപ അധിക വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചത്. പ്രളയ സെസ്സിലൂടെ 31/01/2022 വരെ 2195.54 കോടി രൂപ സമാഹരിക്കാൻ സാധിച്ചു. |
| (ബി) | പ്രസ്തുത തുക റീബിൽഡ് കേരളയിലേക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ എന്നാണ് കൈമാറിയതെന്നും എത്ര തുകയാണ് കൈമാറിയതെന്നും അറിയിക്കുമോ; തുക കൈമാറിയതുമായി ബന്ധപ്പെട്ട രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | 2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും അനുഭവപ്പെട്ട അഭൂതപൂർവ്വമായ വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനും ശേഷം, റീബിൽഡ് കേരള ഇനീഷ്യേറ്റീവിന് കീഴിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണത്തിന്റെയും |

| | | | |
|---|---|---|---|
| | | | പുനഃസ്ഥാപനത്തിന്റെയും ഭാഗമായി മൂലധന നിക്ഷേപ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളുടെ ചട്ടക്കൂട് 12.10.2018-ലെ ജി.ഒ.(പി) നമ്പർ 161/2018/ധന. ഉത്തരവ് പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പുനർനിർമ്മാണ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളിലൊന്നായിരുന്നു ജി.എസ്.ടി.-യിലെ സെസ്സ്. കേരള പ്രളയ സെസ്സ് ഉൾപ്പെടെയുള്ള എല്ലാ ഫണ്ടുകളും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണ് വന്നു ചേരുന്നത്. സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ വന്നു ചേരുന്ന ഫണ്ടുകൾ നേരിട്ട് വിനിയോഗിക്കാൻ കഴിയില്ല. ഒരു പ്രത്യേക പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഫങ്ഷണൽ എക്സ്പെൻഡിച്ചർ ഹെഡിലേക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകിക്കൊണ്ടാണ് ഇത് വിനിയോഗിക്കുന്നത്. ഭൗതിക നിർമ്മിതികളുടെ പുനർനിർമ്മാണത്തിന്റെയും പുനരുദ്ധാരണത്തിന്റേയും ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്ക്, കേരള പ്രളയ സെസ്സ് ഉൾപ്പെടെ വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും സമാഹരിച്ച വരുമാനത്തിൽ നിന്നും ആവശ്യമായ ബഡ്ജറ്റ് വിഹിതം റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ബഡ്ജറ്റ് ശീർഷകത്തിലാണ് വകയിരുത്തുന്നത്. പ്രവർത്തികളുടെ പുരോഗതിക്കനുസരിച്ചാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ